## പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നം.2551** — 9/3/2017-ലെ മറുപടിയ്ക്ക്

**നോക്കുകൂലി ഭരണഘടനാവിരുദ്ധമാണെന്ന ഹൈക്കോടതി പരാമർശം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല | | ശ്രീ. റ്റി.പി. രാമകൃഷ്ണൻ<br>(തൊഴിലും **നൈപുണ്യവും** വകുപ്പു മന്ത്രി) | |
| (എ) | നോക്കുകൂലി ഭരണഘടനാ വിരുദ്ധമാണെന്ന ഹൈക്കോടതി പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | നോക്കുകൂലിക്കെതിരെ ഡി.ജി.പി. പുറപ്പെടുവിച്ച സർക്കുലർ പോലീസ് ഉദ്യോഗസ്ഥന്മാർ കർശനമായി പാലിക്കണമെന്ന് ഹൈക്കോടതി നിർദ്ദേശിക്കുകയുണ്ടായോ; | ബി) | നിർദ്ദേശിക്കുകയുണ്ടായി. |
| സി) | എങ്കിൽ ഹൈക്കോടതി നിർദ്ദേശം തൊഴിൽ മേഖലയിൽ ഉണ്ടാക്കിയ ചലനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | സി) | നോക്കുകൂലിയെ ഇതിനകംതന്നെ വിവിധ ട്രേഡ് യൂണിയനുകൾ തള്ളിപറഞ്ഞിട്ടുള്ളതിനാലും നിലവിലെ നിയമവ്യവസ്ഥകൾ ഉപയോഗിച്ച് തന്നെ അത്തരം പരാതികളിന്മേൽ തൊഴിൽ, ആഭ്യന്തര വകുപ്പുകൾ നടപടികൾ സ്വീകരിച്ച് വരുന്നതിനാലും ബഹു. ഹൈക്കോടതി വിധി തൊഴിൽ മേഖലയിൽ എന്തെങ്കിലും കാര്യമായ ചലനങ്ങൾ ഉണ്ടാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

ഡി) ഹൈക്കോടതി ഇതുമായി ബന്ധപ്പെട്ട് നടത്തിയ പരാമർശങ്ങളുടെ വിശദാംശങ്ങൾ എന്തൊക്കെ;

ഡി) നോക്കുകൂലി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് പോലീസ് സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ട് പൈനാടത്ത് ഗ്രാനൈറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത 24706/16 റിട്ട് പെറ്റീഷനുമേൽ, ബഹു. ഹൈക്കോടതി 19/12/2016 തീയതിയിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഹർജിക്കാരന് പോലീസ് സംരക്ഷണം ഉറപ്പു വരുത്തുന്നതോടൊപ്പം നോക്കുകൂലി നിയമപരമാണോ എന്ന് കോടതി പരിശോധിക്കുകയും ആയതിന്റെ വിവിധ വശങ്ങൾ പരിശോധിച്ച ബഹു. കോടതി ജോലി ചെയ്യാതെ ഒരാൾ വേതനം ആവശ്യപ്പെടുന്നത് ഭരണഘടനയോ രാജ്യത്തെ നിലവിലുള്ള നിയമങ്ങളോ, അനുവദിക്കുന്നില്ലായെന്നും വിധിച്ചു. കൂടാതെ കേരള ലോഡിംഗ് & അൺലോഡിംഗ് (റെഗുലേഷൻ ഓഫ് വേജസ് & റെസ്റ്റിക്ഷൻ ഓഫ് അൺലാഫുൾ പ്രാക്ടീസസ്) ആക്ട്, 2002 പിൻവലിച്ചതിനെ സംബന്ധിച്ചും കോടതി പരാമർശിക്കുകയുണ്ടായി. നിയമവിരുദ്ധമായ നോക്കുകൂലി, നിർമ്മാർജ്ജനം ചെയ്യുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനായി ഈ വിഷയം സർക്കാരിന്റെ പരിഗണനയ്ക്ക് വിടുകയും ചെയ്തു. സംസ്ഥാന പോലീസ് മേധാവിയുടെ 26-3-2012 ലെ 7/12 നമ്പർ സർക്കുലർ എല്ലാ പോലീസ് ഉദ്യോഗസ്ഥരും കൃത്യതയോടെ നടപ്പിലാക്കേണ്ടതാണെന്നും ബഹു. ഹൈക്കോടതി നിർദ്ദേശിക്കുകയുണ്ടായി.

| | | |
|---|---|---|
| ഇ) | ഇതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ വകുപ്പ് എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ? | ഇ) നോക്കുകൂലി വാങ്ങുന്നത് സംബന്ധിച്ച് പരാതി ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ പ്രശ്നത്തിൽ ഇടപെടുകയും അമിതമായോ അനർഹമായോ വാങ്ങിയ കൂലി തൊഴിലാളികളിൽ നിന്നും തൊഴിലുടമയ്ക്ക് തിരികെ വാങ്ങി കൊടുക്കുകയും തൊഴിലാളികളുടെ ഭാഗത്തുനിന്നും ഗുരുതരമായ ക്രമക്കേടുകൾ സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ ചുമട്ടുതൊഴിലാളികളുടെ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും. കൂടാതെ തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്യുന്ന പരാതികൾ പോലീസിന് കൈമാറി ഉചിതമായ നിയമ നടപടി സ്വീകരിക്കുകയും ചെയ്യാറുണ്ട്. |

സെക്ഷൻ ഓഫീസർ